**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 4594** | **28.06. 2013 -ൽ മറുപടിയ്ക്ക്**

# മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും മാസ്റ്റർ പ്ലാൻ

**ചോദ്യം**

**ശ്രീ. പി. ഉബൈദുള്ള**

(എ) മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും സമഗ്ര വികസനം ലക്ഷ്യംവെച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

**ഉത്തരം**

**ശ്രീ. മഞ്ഞളാംകുഴി അലി**
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി**

(എ) സംസ്ഥാനത്ത് എല്ലാ പട്ടണങ്ങൾക്കും അവയുടെ ആസൂത്രിത വികസനം സാധ്യമാക്കുന്നതിനായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ 32 നഗരങ്ങളുടേയും രണ്ടാം ഘട്ടത്തിൽ ബാക്കിയുള്ള 29 നഗരങ്ങളുടേയും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**I ഡെവലപ്പ് മെന്റ് പ്ലാൻ (അംഗീകരിച്ചവ)**

പരവൂർ (കൊല്ലം ജില്ല), ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി

**II ഡെവലപ്പ് മെന്റ് പ്ലാൻ (പ്രസിദ്ധീകരിച്ചവ)**

മലപ്പുറം., കാസർഗോഡ്, പാല, പത്തനംതിട്ട, ഗുരുവായൂർ, കണ്ണൂർ, തൃശൂർ, കൊല്ലം, അടൂർ, തിരുവനന്തപുരം, നോർത്ത് പറവൂർ

**III പ്രസിദ്ധീകരണാനുമതി ലഭിച്ചവ)**

മൂവാറ്റുപുഴ, കൽപ്പറ്റ

**IV ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റി/ മുനിസിപ്പാലിറ്റിക്ക് സമർപ്പിച്ചവ**

കൊച്ചി (കൊച്ചി കോർപ്പറേഷനും തൃപ്പൂണിത്തുറ, കളമശ്ശേരി, ഏലൂർ, തൃക്കാക്കര, മരട് എന്നീ പട്ടണങ്ങളും ഉൾപ്പെടെ), പെരുമ്പാവൂർ, തിരുവല്ല, കായംകുളം, പാലക്കാട്, വടകര, കോതമംഗലം, കോഴിക്കോട്.

**V കരട് പ്ലാനുകൾ വകുപ്പുതലത്തിൽ പൂർത്തിയാക്കിയവ**

തൊടുപുഴ, കോട്ടയം, അങ്കമാലി

**VI വിവര ശേഖരണം, വിശകലനം ഇവ പൂർത്തിയാക്കി കരട് പ്ലാൻ അന്തിമമാക്കിക്കൊണ്ടിരിക്കുന്നവ**

ഇടുക്കി (മരിയാപുരം & വാഴത്തോപ്പ് ), ആലപ്പുഴ, ആലുവ, നെയ്യാറ്റിൻകര

രണ്ടാം ഘട്ടത്തിൽ താഴെപ്പറയുന്ന 29 പട്ടണങ്ങൾക്കു കൂടി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനാരംഭിച്ചിട്ടുണ്ട്.

1. ആറ്റിങ്ങൽ 2. നെടുമങ്ങാട് 3. വർക്കല
4. കരുനാഗപ്പള്ളി 5. പുനലൂർ 6. ചെങ്ങന്നൂർ
7. ചേർത്തല 8. മാവേലിക്കര 9. ചാലക്കുടി
10. ചാവക്കാട് 11. ഇരിങ്ങാലക്കുട
12. കൊടുങ്ങല്ലൂർ 13. കുന്നംകുളം 14. ചിറ്റൂർ - തത്തമംഗലം 15. ഒറ്റപ്പാലം 16. ഷൊർണൂർ
17. കോട്ടയ്ക്കൽ 18. മഞ്ചേരി 19. നിലമ്പൂർ
20. പെരിന്തൽമണ്ണ 21. പൊന്നാനി 22. തിരൂർ
23. കൊയിലാണ്ടി 24. കൂത്തുപറമ്പ് 25. മട്ടന്നൂർ
26. പയ്യന്നൂർ 27. തളിപ്പറമ്പ് 28. കാഞ്ഞങ്ങാട്
29. നീലേശ്വരം

(ബി) ഏതെല്ലാം മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട് ; അതിന് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നിലവിൽ അംഗീകൃത മാസ്റ്റർ പ്ലാൻ ഉള്ള മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ താഴെപ്പറയുന്നവയാണ് :

| കോർപ്പറേഷനുകൾ | മുനിസിപ്പാലിറ്റികൾ |
|---|---|
| തിരുവനന്തപുരം | നെയ്യാറ്റിൻകര |
| കൊല്ലം | പരവൂർ |
| കൊച്ചി (പ്ലാനിംഗ് ഏരിയയിൽ ഏലൂർ, കളമശ്ശേരി, തൃപ്പൂണിത്തുറ, തൃക്കാക്കര, മരട് മുനിസിപ്പാലിറ്റികൾ ഉൾപ്പെടുന്നു) | കോട്ടയം |
| | ചങ്ങനാശ്ശേരി |
| | വൈക്കം |
| | ഗുരുവായൂർ |
| | പാലക്കാട് |
| തൃശൂർ | മലപ്പുറം |
| കോഴിക്കോട് | വടകര |
| | തലശ്ശേരി |

ഇവയിൽ തിരുവനന്തപുരം, കൊല്ലം, തൃശൂർ കോർപ്പറേഷനുകളുടേയും ഗുരുവായൂർ, മലപ്പുറം മുനിസിപ്പാലിറ്റികളുടെയും ഡെവലപ്പ്മെന്റ് പ്ലാനുകൾ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന മുനിസിപ്പാലിറ്റികൾക്ക് സർക്കാർ അംഗീകാരത്തോടെ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകൾ നിലവിലുണ്ട്.

കാസർകോട്
പാലാ
പത്തനംതിട്ട
കണ്ണൂർ
അടൂർ
നോർത്ത് പറവൂർ
ആലപ്പുഴ
കായംകുളം

(സി) ബാക്കിയുള്ള സ്ഥാപനങ്ങൾക്കു കൂടി ദീർഘവീക്ഷണത്തോടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും വികസനം സാദ്ധ്യമാക്കുന്നതിനും ആവശ്യമായ കർശന നിർദ്ദേശം നൽകുമോ ?

(സി) മുനിസിപ്പാലിറ്റികൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ